# *സരസ്വതിയെത്തേടി...*

(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*)

സരസ്വതിയെ നോക്കി നടപ്പാണ്:
ചുരത്തിയ പാലിന്റെ മണവും
രുചിയും ഘടകവും ഘടനയും
പാഠപുസ്തകത്തിലുണ്ട്.
"ലാപതാ" കോളത്തിൽ
കമ്പ്യൂട്ടർ-സിമുലേഷനുവേണ്ടി
പുതിയ സോഫ്റ്റ്‌വെയറിനു
ആമസോൺ ഓർഡർ.
നെഞ്ചകത്തു ത്രസിക്കും
സ്തനമാതൃക പകർത്താൻ
കലാകാരനെത്തേടി
ഫ്ലൈറ്റുപിടിക്കാൻ
ദൂതൻ എയർപോർട്ടിലാണ്.
ഇടതിലോ വലതിലോ
സാഹിത്യമൂറുന്നതെന്നു
ഉറപ്പാക്കാൻ ഒരു പ്രോഗ്രാം —
ഒന്നു നിശ്ചയിച്ചാൽ
മറ്റതിൽ നിർഗ്ഗളിക്കും
സ്വരസഞ്ചയം
ഐ-പോഡിൽ ആലേഖനത്തിനു
ആപ്പിളിന്റെ ഏറ്റവും പുതിയ
ഓപ്പറേറ്റിങ്ങ് സിസ്റ്റം
ഡൌൺലോഡു ചെയ്തു.
കൃത്രിമമറവിൽ മൂടിയ
കാലിയായ മദ്യമനക്കുപ്പി
ചിത്രച്ചുണ്ടുകൾ ഊറ്റുന്നത്
ബ്രഹത് കേൻവാസ്സിൽ
എണ്ണച്ഛായാപ്പടമാക്കാൻ
ഇരിപ്പടംത്തേടി നടപ്പാണ്!
*******************************************************